## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.667** **29.10.2019-ൽ മറുപടിക്ക്**

## ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2019-20 സാമ്പത്തിക വർഷത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ, ദ്യുതി 2021 എന്ന വിതരണശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2 കി മി ലൈൻ പുതുതായി നിർമ്മിക്കുകയും, ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 11.26km എൽ.ടി ലൈൻ റി കണ്ടക്ടറിങ് നടത്തുകയും 26 എബി സ്വിച്ചുകൾ സ്ഥാപിക്കുകയും 2340 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും 1450 സർവീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഏകദേശം 2.5 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ കൂടാതെ പഞ്ചായത്തുകളുടെ ഫണ്ട് മുഖേന ഏകദേശം 18 കി മി സ്ട്രീറ്റ് മെയിൻ വലിക്കുകയും MLAADS ഫണ്ടിൽ നിന്നും 19,99,977/-രൂപ ഉപയോഗിച്ചുള്ള 370 എണ്ണം LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതി 2021 ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു .<br>__പ്രസരണ ശൃംഖല പ്രവൃത്തികൾ__<br>(1) 2019-20 സാമ്പത്തിക വർഷത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ പ്പെടുന്ന, നിലവിലുള്ള നെന്മാറ 66 കെ.വി |

| | | | |
|---|---|---|---|
| | | | സബ്സ്റ്റേഷൻ 110 കെവി ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി – കൺട്രോൾ റൂമും അനുബന്ധ പ്രവൃത്തികളും പുരോഗമിക്കുന്നു.<br>(2) നെന്മാറ – കണ്ണമ്പുള്ളി – പാലക്കാട്-66 കെ.വി ലൈൻ 110 കെവി ആയി ശേഷി ഉയർത്തുന്നതിനുള്ള ഭരണാനുമതി ആയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ആരംഭിച്ചതും നാളിതുവരെ പൂർത്തിയാക്കുവാൻ കഴിയാത്തതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മുടപ്പല്ലൂർ സെക്ഷനിൽ 1 കി.മി എൽ.ടി ABC ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ഇതു പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന 110 കെ.വി സബ്സ്റ്റേഷൻ വടക്കഞ്ചേരിയിൽ നിന്നും 110 കെ.വി സബ്സ്റ്റേഷൻ കൊല്ലങ്കോട്ടിലേയ്ക്ക് നെന്മാറ 66 കെ.വി സബ്സ്റ്റേഷൻ - ൽ കൂടി ഒരു 110 കെ.വി DC line (37 km) – നിർമ്മാണം പുരോഗമിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ